KUTTIPPURAM Sub dist.

# Silent Bells

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

PLAY

| Class: X | Subject: Malayalam BT | Date: 27-10-20 | Worksheet No: 13 |
|---|---|---|---|

**Lesson & LO: കൊച്ചുചക്കരച്ചി**

1. ''പറയൂ, നാട്ടിൻ പുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി ഈ 'മാംഗോ ഫ്രൂട്ടി'ക്കുള്ള പോലാണോ?'- ( മാമ്പഴക്കാലം)

"എന്തൊരു നൂറും മധുരവുമാണ്!പത്തു നാൽപ്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തു നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്തു വന്നു നിറയുന്നു... അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു." (കൊച്ചു ചക്കരച്ചി)

കവിതാ ഭാഗത്തിലെ പുതിയ കാലത്തെ കുട്ടിയുടെയും "കൊച്ചു ചക്കരച്ചി" യിലെ ലേഖകന്റെയും അനുഭവങ്ങൾ രണ്ടു തലമുറയുടേതാണ്. ഇവ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

2. " ഒരു അറുപതു കൊല്ലം മുൻപ് കൊച്ചു ചക്കരച്ചിയെ വെട്ടി നീക്കാൻ തുനിഞ്ഞതായിരുന്നത്രേ. വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപ്പെട്ട് ആ അത്യാഹിതം തടഞ്ഞു. ആ കഥ അവൾക്കൊരു പ്രത്യേക അരുമത്തം നേടിക്കൊടുത്തു."

പ്രകൃതിയും മനുഷ്യനും പരസ്പരം ഇണങ്ങി ജീവിച്ചിരുന്ന ഒരു കാലത്തിന്റെ മധുരമായ ഓർമ്മകളാണിത്. ഇത്തരത്തിലുള്ള ഒരു ബന്ധം ഇന്നുണ്ടോ? പ്രകൃതിയുമായി ബന്ധപ്പെട്ട സമകാലിക പ്രശ്നങ്ങൾ കൂടി പരിഗണിച്ച് "പ്രകൃതിയും മനുഷ്യനും" എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക

3. ഇന്നു 'മാങ്ങാ മരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃത മട്ടുകൾ 'അവർ അറിയാനിടയില്ല.
ഇവിടെ സൂചിപ്പിക്കുന്ന 'അപരിഷ്കൃത മട്ടുകൾ 'ഏതെല്ലാം ? എന്തുകൊണ്ടാവാം ലേഖകൻ അവയെ അപരിഷ്കൃത മട്ടുകൾ എന്ന് വിശേഷിപ്പിച്ചത്?

4. കൊച്ചു ചക്കരച്ചി തറവാട്ടിലെ ഒരു അംഗത്തെ പോലെ കുടുംബവുമായി ചേർന്നു നിന്നിരുന്നു. ഇത്തരത്തിൽ നിങ്ങളെ സ്വാധീനിച്ച ഒരു വൃക്ഷത്തെപ്പറ്റി അനുഭവക്കുറിപ്പ് തയ്യാറാക്കുക.